**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2014-2015 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.6 പ്രകാരം തടസ്സപ്പെടുത്തിയ 6,02,500/- രൂപയ്ക്ക് (ആറ് ലക്ഷത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ (സാധാ)നം. 2061/19/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 24/09/2019**

---

**പരാമർശം:-** 1) പഞ്ചായത്ത് ഡയറക്ടറുടെ 31709/2018 ലെ പി എ എൻ/21809/2018-എം 3 (ഡി പി) നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 10/07/2019-ലെ ഡി.കെ.എസ്.എ/ 1370/2019/പി റ്റി 1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2014-2015 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.6 പ്രകാരം പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ രണ്ട് പദ്ധതികൾക്കായി ചെലവഴിച്ച 6,02,500/- രൂപയ്ക്ക് തടസ്സവാദം ഉന്നയിച്ചിരുന്നു. പഞ്ചായത്തിലെ ജനറൽ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി പാഠ്യേതര പ്രവർത്തനങ്ങളിലൂടെ പഠന മികവിലേയ്ക്ക് എന്ന ലക്ഷ്യം വച്ച് 1,90,000/- ചെലവഴിച്ച് (വികസന ഫണ്ട് ജനറൽ) പഠനവും പാഠ്യേതരവും എന്ന പ്രോജക്ടും കല, ശാസ്ത്രം, വിജ്ഞാനം എന്നീ വിഭാഗങ്ങളിൽ പെട്ട പട്ടികജാതി വിദ്യാർത്ഥികൾക്കായി എസ് സി പി ഫണ്ടിൽ നിന്നും 4,12,500/- രൂപ ചെലവഴിച്ച് പട്ടികജാതി വിദ്യാർത്ഥികളുടെ സമഗ്ര വികസനം എന്ന പ്രോജക്ടും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ 12-ാം പദ്ധതി മാർഗ്ഗ രേഖയിൽ ഖണ്ഡിക 6(iii)പ്രകാരം ഇത്തരം പരിപാടികൾ എസ് എസ് എ വഴി നടപ്പിലാക്കണമെന്നും അനുപൂരകമായി ഇത്തരം പരിപാടികൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ ആവർത്തനം ഒഴിവാക്കുന്നതിനായി അത്തരം പരിപാടികൾ എസ് എസ് എ പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കണമെന്നുമാണ്. ഇതേ തരത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതിനാലാണ് ഓഡിറ്റിൽ ടി തുക തടസ്സപ്പെടുത്തിയത്. എന്നാൽ പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത് സാമ്പത്തികമായും സാമൂഹ്യപരമായും വളരെ പിന്നോക്കം നിൽക്കുന്ന ജനങ്ങൾ അധിവസിക്കുന്ന പ്രദേശമായതിനാലും സമ്പന്ന വിദ്യാർത്ഥികൾക്കൊപ്പം സാധുക്കളായ വിദ്യാർത്ഥികൾക്കും പാഠ്യേതര വിഷയങ്ങളിൽ മികവ് പുലർത്തുന്നതിനുള്ള വേദികൾ ഇല്ലാത്തതിനാലും എസ് എസ് എ പ്രസ്തുത വർഷം ഇങ്ങനെ ഒരു പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാത്തതിനാലും നല്ലൊരു ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ പ്രോജക്ടാണെന്നും

ആയത് ലക്ഷ്യപ്രാപ്തിയിൽ എത്തിയെന്നും ആയതിനാൽ സർക്കാരിന്റെ മുൻകൂർ അനുമതി ലഭിക്കാതെ ചെയ്ത പ്രോജക്ട് എന്ന കാരണം പറഞ്ഞ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയ 6,02,500/-രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകണമെന്നുമുള്ള ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

**2.** പരാമർശിക്കപ്പെട്ട പ്രോജക്ടുകൾ വിജയകരമായി പൂർത്തീകരിച്ചിട്ടുള്ളതും സദുദ്ദേശ്യത്തോടെ നടപ്പിലാക്കിയിട്ടുള്ളതുമാണെന്ന വസ്തുതകൾ കണക്കിലെടുത്തും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15/04/2017 ലെ മീറ്റിംഗിലെ 6(2)-ാം നമ്പർ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 13/06/2018 ലെ യോഗത്തിലെ 5-ാം നമ്പർ അനുകൂല ശുപാർശ എന്നിവയും പരിഗണിച്ച് കൊല്ലം ജില്ല, വടക്കേക്കര ഗ്രാമപഞ്ചായത്തിലെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് 2014-2015 ഖണ്ഡിക 3.6 പ്രകാരം തടസ്സപ്പെടുത്തിയ 6,02,500/- രൂപയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, ആഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2014-2015 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.6 പ്രകാരം തടസ്സപ്പെടുത്തിയ 6,02,500/- രൂപയ്ക്ക് (ആറ് ലക്ഷത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ജെയ്സി പോൾ**

**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
സെക്രട്ടറി, പട്ടാഴി വടക്കേക്കര ഗ്രാമ പഞ്ചായത്ത്, കൊല്ലം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ വിവരപൊതുജനസമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**